Email-Keralarcs.coop@Kerala.gov.in
Website:-www.cooperation.kerala.gov.in
Fax-0471-2331513
Tel-0471-2330726

സി.ജി(2)34446/2015 സഹകരണസംഘംരജിസ്ട്രാർആഫീസ്,
തിരുവനന്തപുരം. തീയതി: 26.5.2016

## സർക്കുലർ നമ്പർ 14/2016

വിഷയം:- സഹകരണവകുപ്പ്-സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 1.4.2014 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് (മുതലും പലിശയും പിഴപലിശയും മറ്റു ചെലവുകളും ഉൾപ്പെടെ) കടാശ്വാസം-മാർഗ്ഗനിർദ്ദേശം-സംബന്ധിച്ച്

സൂചന:- 1.10.2015 ലെ സ.ഉ.(അ) 71/ 15/ പജപവവിവ /നമ്പർ ഉത്തരവ്

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ളതും 1.4.2006 മുതൽ 31.3.2014 വരെ കുടിശ്ശികയായിട്ടുള്ളതുമായ 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) വരെയുള്ള വായ്പകൾക്ക് പലിശയും, പിഴപലിശയും അടക്കം ഒരു ലക്ഷം രൂപയുടെ കടാശ്വാസം അനുവദിച്ച് മേൽ സൂചന പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി സഹകരണ സംഘങ്ങളിൽ /ബാങ്കുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച് ചുവടെ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. അപേക്ഷകൻ /അപേക്ഷക പട്ടികവർഗ്ഗത്തിൽപ്പെട്ട ആളായിരിക്കണം
2. ഒരു കുടുംബത്തിലെ ഒരാൾക്ക് മാത്രമേ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയുള്ളു.
3. മുതൽ, പലിശ , പിഴപലിശ മറ്റ് ചെലവുകൾ എന്നിവ ഉൾപ്പെടെ നിശ്ചിത തീയതിയിൽ ഒരു ലക്ഷം രൂപയുടെ ഉള്ളിൽ വരുന്ന വായ്പകൾ മാത്രം പരിഗണിക്കുന്നതാണ്.

4. കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, സ്വയം തൊഴിൽ വായ്പ(വ്യക്തിഗത വായ്പകൾ) വിവാഹ ആവശ്യത്തിനുള്ള വായ്പ, സ്വർണ്ണപ്പണയത്തിന്മേലുള്ള കാർഷിക വായ്പ എന്നിവയിലുള്ള കുടിശ്ശികകൾ പരിഗണിക്കും(മുൻഗണനാ ക്രമത്തിൽ)
5. സഹകരണ സ്ഥാപനങ്ങൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ള ക്രമനമ്പർ 4 പ്രകാരമുള്ള വായ്പകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
6. 1.4.2006 മുതൽ 31.3.2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി തീർന്ന വായ്പകൾ.
7. കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ ബോർഡ് /കോർപ്പറേഷനുകൾ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, ബാങ്കിംഗ് മേഖല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സേവനം അനുഷ്ടിക്കുന്നവരുടെ വായ്പ പരിഗണിക്കുകയില്ല.
8. അപേക്ഷകന്റെ കുടുംബത്തിൽ ആരെങ്കിലും ക്രമനമ്പർ 7 പ്രകാരമുള്ള സേവനം അനുഷ്ഠിക്കുന്നുണ്ടെങ്കിൽ ടി അപേക്ഷകൾ പരിഗണിക്കുന്നതല്ല.
9. ഈ പദ്ധതിയിൽ പരിഗണിക്കുന്നതിനായി വായ്പയുമായി ബന്ധപ്പെട്ട ബാങ്കിംഗ് രേഖ, റേഷൻകാർഡിന്റെ പകർപ്പ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.
10. അപേക്ഷകളിൽ ബന്ധപ്പെട്ട (Tribal Extension Officer) യുടെ അഭിപ്രായക്കുറിപ്പ് രേഖപ്പെടുത്തണം
11. ക്രമനമ്പർ 4 പ്രകാരമുള്ള വായ്പകളിൽ ഒരു കുടുംബത്തിൽ ഒരു അപേക്ഷകന്റെ ഒരു വായ്പ മാത്രമേ ഒരു സാമ്പത്തികവർഷത്തിൽ പരിഗണിക്കുകയുള്ളൂ.
12. വായ്പ തുക, മുതൽ, പലിശ , പിഴപലിശ എന്നിവയുൾപ്പെടെ ഒരു ലക്ഷത്തിൽ അധീകരിച്ചു വരികയാണെങ്കിൽ അപേക്ഷകൻ അധികരിച്ചുവരുന്ന തുക ആദ്യം ബന്ധപ്പെട്ട സ്ഥാപനത്തിൽ അടച്ച് തീർത്ത് തെളിവ് ഹാജരാക്കുന്ന പക്ഷം അവശേഷിക്കുന്ന ഒരു ലക്ഷം രൂപയ്ക്ക് ഈ പദ്ധതി പ്രകാരം ഇളവ് ലഭിക്കുന്നതാണ്.

സംഘം/ബാങ്ക് ഭരണസമിതി ആനുകൂല്യത്തിന് അർഹതയുള്ളവരുടെ പട്ടിക സാക്ഷ്യപ്പെടുത്തി 30.6.2016 ന് മുൻപായി ബന്ധപ്പെട്ട താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർക്ക്(ആഡിറ്റ്) സമർപ്പിക്കേണ്ടതും, ടിയാൻ പ്രി-ആഡിറ്റ് പരിശോധന കൾക്ക് ശേഷം പട്ടികകൾ ജില്ലാ ജോയിന്റ് ഡയറക്ടർക്ക്(ആഡിറ്റ്) 15.7.2016 നകം സമർപ്പിക്കേണ്ടതുമാണ്. ജില്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) അർഹത ഉറപ്പ് വരുത്തിയ ശേഷം പട്ടികകൾ തുടർ പരിശോധനയ്ക്ക് സൂക്ഷിക്കുന്നതിനായി ജില്ലാ ജോയിന്റ് രജിസ്ട്രാർക്ക്(ജനറൽ) 20.7.2016 ന് മുൻപായി നൽകേണ്ടണതുമാണ്.

ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ആനുകൂല്യ പട്ടികകളുടെ അർഹത ഉറപ്പ് വരുത്തി ഓരോ സംഘത്തിനും/ബാങ്കിനും ആനുകൂല്യമായി ലഭിക്കേണ്ട വായ്പകളുടെ എണ്ണവും തുകയും അടങ്ങിയ സംക്ഷിപ്തം 31.7.2016 ന് മുൻപായി ടിയാന്റെ ശുപാർശയോടെ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതു മാണ്.

ആനുകൂല്യത്തിന് അർഹതയുള്ള ആരും പട്ടികയിൽ നിന്നും ഒഴിവായിട്ടില്ലാ യെന്ന് ബന്ധപ്പെട്ട സംഘം/ബാങ്ക് ഭരണസമിതിയും, വകുപ്പ്തല ഉദ്യോഗ സ്ഥർമാരും ഉറപ്പാക്കേണ്ടതാണ്.

മേൽ നിർദ്ദേശം സഹകരണ സംഘങ്ങളുടേയും/ ബാങ്കുകളുടേയും ശ്രദ്ധ യിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അടിയന്തരമായി കൊണ്ടുവരേണ്ടതാണ്.

ഒപ്പ്
എസ്.ലളിതാംബികഐ.എ.എസ്
സഹകരണസംഘംരജിസ്ട്രാർ

**പകർപ്പ്:-**

1. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ (ജനറൽ & ആഡിറ്റ്) മാർക്കും
2. രജിസ്ട്രാർ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, എറണാകുളം.
3. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക് /കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
4. സെക്രട്ടറി, കേരള കർഷക കടാശ്വാസ കമ്മീഷൻ, കേരള മത്സ്യതൊഴിലാളി കടാശ്വാസ കമ്മീഷൻ
5. ഡയറക്ടർ, ഐ. & പി.ആർ.ഡി.

6. ജോയിന്റ് ഡയറക്ടർ /കൺകറന്റ് ആഡിറ്റർ,
കേരള സംസ്ഥാന സഹകരണ ബാങ്ക്/കേരള സംസ്ഥാന സഹകരണ

കാർഷിക ഗ്രാമ വികസന ബാങ്ക്

7. എല്ലാ ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർക്കും, ജോയിന്റ് ഡയറക്ടർ / കൺകറന്റ് ആഡിറ്റർമാർക്കും.

8. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്) മാർക്ക്(ജോയിന്റ് രജിസ്ട്രാർ/ജോയിന്റ് ഡയറക്ടർ ആഡിറ്റ് മുഖേന)

9. സെക്രട്ടറി, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/പ്രാഥമിക

സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ /മറ്റ് വായ്പ സഹകരണ സംഘങ്ങൾ

(ജോയിന്റ് രജിസ്ട്രാർ മുഖേന)

10. ഡെപ്യൂട്ടി ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള കോപ്പറേറ്റീവ് മിൽക്ക്

മാർക്കറ്റിംഗ് ഫെഡറേഷൻ

11. അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർ, പ്രാഥമിക കാർഷിക ഗ്രാമ

വികസന ബാങ്ക് (ജോയിന്റ് രജിസ്ട്രാർ മുഖേന)

12 എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
13 സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
14 ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും
15 സ്റ്റോക്ക് ഫയൽ/സ്പെയർ.
16 വെബ്സൈറ്റ്